**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5882** **04.11.2016-ൽ മറുപടിക്ക്**

## റോഡുകളിൽ ഓവർ ഹെഡ് കേബിൾ, പൈപ്പ് ലൈൻ, പരസ്യബോർഡുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ

ചോദ്യം

**ശ്രീ.യു. ആർ. പ്രദീപ്**

(എ) പൊതുമരാമത്ത് വകുപ്പിനു കീഴിലെ റോഡുകളിൽ ഓവർ ഹെഡ് കേബിൾ, പൈപ്പ് ലൈൻ, പരസ്യ-ബോർഡുകൾ എന്നിവ സ്ഥാപിക്കുവാൻ അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്;

മറുപടി

**ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) പൊതുമരാമത്ത് വകുപ്പിൽ ദേശീയ-പാതാ വിഭാഗത്തിനു കീഴിലുള്ള റോഡുകളിൽ ഓവർഹെഡ് കേബിൾ, പരസ്യ ബോർഡുകൾ എന്നിവ സ്ഥാപിക്കാൻ അനുമതി നൽകാറില്ല. നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിലെ റോഡുകളിൽ പൈപ്പ് ലൈനുകൾ, കേബിൾ, പോസ്റ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനാവ-ശ്യമായ അറ്റകുറ്റ പണികൾ നടത്തുന്നതിനു വേണ്ടി വരുന്ന തുക പൊതുമരാമത്ത് വകുപ്പിന് കൈമാറി-യതിനുശേഷമേ പ്രസ്തുത പ്രവർത്തി-കൾക്കായുള്ള അനുമതി നൽകാറുള്ളൂ. കൂടാതെ ഓവർഹെഡ് കേബിൾ സ്ഥാപിക്കുന്നതിനായി വാടക ഒടുക്കി ടി പ്രവർത്തികൾക്കായുള്ള അനുമ-തിയും നൽകുന്നുണ്ട്. നിലവിൽ നിരത്തുകളും പാലങ്ങളും വിഭാഗ ത്തിലെ റോഡുകളിൽ പരസ്യബോർ ഡുകൾ സ്ഥാപിക്കുന്നതിനായി അനുമതി നൽകാറില്ല. പൊതുമ-രാമത്ത് വകുപ്പിന്റെ റോഡുകൾ മറ്റ് വകുപ്പുകൾ കുഴിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ ചുവടെ ചേർക്കുന്നു..

1. പ്രവൃത്തികൾ ചെയ്യുന്നതിന്റെ അനുമതികൾക്കായി ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീ-യർക്ക് രണ്ട് മാസം മുമ്പ് വിശദമായ അപേക്ഷ സമർപ്പിക്കണം.

2. റോഡ് കുഴിക്കുന്ന സ്ഥലത്തിന്റെ വിശദമായ രൂപരേഖ, പ്രവൃത്തിയുടെ വിവരങ്ങൾ, പ്രവൃത്തി ആരംഭിക്കാനും പൂർത്തിയാക്കാനും ഉദ്ദേശിക്കുന്ന തീയതി എന്നിവ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.

3. അപേക്ഷയുടെ അടിസ്ഥാനത്തിൽ റോഡ് പൂർവ്വ സ്ഥിതിയിലാക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള തുക ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ കെട്ടിവയ്ക്കേണ്ടതാണ്.

4. തുടർന്ന് അപേക്ഷ പരിഗണനയ്ക്കായി ജില്ലാതല ഏകോപന സമിതിക്ക് അനുമതിയ്ക്കായി സമർപ്പിക്കുകയും അനുമതി നൽകുന്ന മുറയ്ക്ക് അപേക്ഷകന് പണി തുടങ്ങാനുള്ള ഉത്തരവ് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകുന്നതാണ്.

(ബി) ആയതിന് അനുമതി നൽകുന്നതിനുള്ള അധികാരമുള്ള ഉദ്യോഗസ്ഥൻ ആരാണ്;

(ബി) ദേശീയപാത വിഭാഗത്തിൽ ടാർ ചെയ്ത ഭാഗങ്ങളിലാണ് പൈപ്പ് ഇടേണ്ടതെങ്കിൽ കേന്ദ്രമന്ത്രാലയത്തിലെ ചീഫ് എഞ്ചിനീയറുടെ അനുമതിയും, മറ്റ് സ്ഥലങ്ങളിൽ ഇടുന്നതിന് സംസ്ഥാന ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയറുടെ അനുമതിയും വേണം. റോഡുകളും പാലങ്ങളും വിഭാഗത്തിൻ കീഴിലെ റോഡുകളിൽ മറ്റ് വകുപ്പിന്റെ ആവശ്യങ്ങൾക്കായി അനുമതി നൽകുന്നത് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്.

(സി) നിയമവ്യവസ്ഥ ലംഘിച്ചും അനുമതി ഇല്ലാതെയും ഓവർഹെഡ് കേബിളുകളും, പൈപ്പ് ലൈനും, പരസ്യബോർഡുകളും, മറ്റും സ്ഥാപിച്ചതുമൂലം വാഹനങ്ങൾക്കും, യാത്രക്കാർക്കും അപകടങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഓവർഹെഡ് കേബിളുകളും, പൈപ്പ് ലൈനും, പരസ്യബോർഡുകളും നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ; സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

(സി) & (ഡി) ശ്രദ്ധയിൽപ്പെട്ടാൽ അവ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ഉടനടി സ്വീകരിക്കാറുണ്ട്. റോഡുകളും നടപ്പാതകളും കൈയേറുകയും അവയ്ക്ക് നാശനഷ്ടം വരുത്തിയതായും ശ്രദ്ധയിൽപ്പെട്ടാൽ നാഷണൽ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 3) പ്രകാരം നടപടികൾ സ്വീകരിക്കുന്നതിനായി

എൻ.എച്ച്.ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ എൻ.എച്ചിനെയും സ്റ്റേറ്റ് ഹൈവേയുടെയും മറ്റ് പ്രധാന ജില്ലാ

റോഡുകളുടെയും അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡ്സ്) നെയും 1999ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ